ഭരണഭാഷ – മാതൃഭാഷ"

വനിത
ശിശുവികസന
വകുപ്പ്

DWCD/1358/2025-A3

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
0471-2346508, 2346534
ഇ-മെയിൽ: wcdfunds@gmail.com
തീയതി: 01-03-2025

വനിത ശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വിഷയം: വനിത ശിശു വികസന വകുപ്പ് - 2025-26 സാമ്പത്തിക വർഷം മുതൽ അങ്കണവാടി പ്രവർത്തകരുടെ സംസ്ഥാന വിഹിത ഓണറേറിയം. സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം - പുതിയ ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന: 22.02.2025 ലെ 2953919/ബി.വി.എച്ച്3/137/2024-ധന നം സർക്കാർ കത്ത്

അങ്കണവാടി പ്രവർത്തകരുടെ സംസ്ഥാന വിഹിത ഓണറേറിയം 2235-02-102-55-00-01-05 (NP) - Other Allowances ൽ നിന്നും, സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം 2235-02-102-62 -01-01-05 (P) Psycho Social Service to Adolescent Girls - Other allowances ൽ നിന്നുമാണ് നിലവിൽ അനുവദിച്ചു വരുന്നത്. എന്നാൽ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രസ്തുത ചെലവിനങ്ങൾ വഹിക്കുന്നതിന്, പുതിയ ശീർഷകങ്ങളിലാണ് തുക അനുവദിച്ചിട്ടുള്ളത്. പുതിയ ചെലവു ശീർഷകങ്ങൾ ചുവടെ പറയുന്നു.

| ചെലവിനം | 2025 - 26 ൽ ചെലവു വഹിക്കുന്നതിന് അനുവദിക്കുന്ന ശീർഷകം |
|---|---|
| അങ്കണവാടി പ്രവർത്തകരുടെ സംസ്ഥാന വിഹിത ഓണറേറിയം | 2235-02-102-55-00-02-04-(N )V Consolidated Pay |
| സൈക്കോ സോഷ്യല് സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം | 2235-02-102-62-01-02-04 (P) V Pyscho Social Services to Adolescent Girls -Consolidated Pay |

ആയതിനാൽ അടുത്ത സാമ്പത്തിക വർഷം (2025-26) മുതൽ അങ്കണവാടി പ്രവർത്തകരുടെ സംസ്ഥാന വിഹിത ഓണറേറിയം, സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം എന്നിവ മുകളിൽ വ്യക്തമാക്കിയിട്ടുള്ള പുതിയ ശീർഷകങ്ങളിൽ നിന്ന് മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ എന്ന് നിർദേശിക്കുന്നു. ശീർഷകം

മാറി തുക അനുവദിക്കപ്പെടുന്ന പക്ഷം, പ്രസ്തുത തുക ബന്ധപ്പെട്ട കാര്യാലയ മേധാവിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും, അച്ചടക്ക നടപടി സ്വീകരിക്കുന്നതും ആയിരിക്കും.

ശീർഷകം മാറി തുക അനുവദിയ്ക്കപ്പെടുന്നില്ലായെന്നു ജില്ല തല പ്രോഗ്രാം ഓഫീസർമാരും, ജില്ല വനിത ശിശു വികസന ഓഫീസർമാരും ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ശീർഷകം മാറി തുക അനുവദിയ്ക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടാലുടൻ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടർ** ഇൻ ചാർജ്

**പകർപ്പ്:**

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. ആസ്ഥാന കാര്യാലയത്തിൽ JD, ICDS കൈകാര്യം ചെയ്യുന്ന എല്ലാ ഓഫീസർമാരുടെയും മേശപ്പുറത്ത്/സെക്ഷനുകൾക്കും